പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .7727 — 23.07.2012-ൽ മറുപടിക്ക്

## പുതിയങ്ങാടിയിൽ മറൈൻ ആംബുലൻസ്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. റ്റി.വി.രാജേഷ് | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | കണ്ണൂർ ജില്ലയിൽ മത്സ്യബന്ധനത്തിൽ ഏർപ്പെട്ടവരെ അപകടത്തിൽ നിന്ന് രക്ഷിക്കുന്നതിനും സഹായിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) | കണ്ണൂർ ജില്ലയിൽ മത്സ്യബന്ധനത്തിൽ ഏർപ്പെട്ടവരെ അപകടത്തിൽ നിന്ന് രക്ഷിക്കുന്നതിന് 24 മണിക്കൂറും തുറന്ന് പ്രവർത്തിക്കുന്ന കൺട്രോൾ റൂം പ്രവർത്തിച്ചു വരുന്നു. പ്രവർത്തന സന്നദ്ധരായ മറൈൻ എൻഫോഴ്സ്മെന്റ് വിംഗ് ഉദ്യോഗസ്ഥരുടെ സേവനവും വാടകയ്ക്ക് എടുത്ത ഒരു പട്രോൾ ബോട്ടും ട്രോൾബാൻ കാലയളവിൽ കടൽ രക്ഷാ പ്രവർത്തനത്തിന് വാടകയ്ക്ക് എടുത്ത വള്ളവും 24 മണിക്കൂറും ലഭ്യമാണ്. കൂടാതെ അപകടം റിപ്പോർട്ട് ചെയ്യപ്പെടുന്ന മുറയ്ക്ക് മറൈൻ എൻഫോഴ്സ്മെന്റ് വിംഗിന്റെ സഹായത്തോടെ രക്ഷാ പ്രവർത്തനങ്ങൾ നടത്തി വരുന്നു. |
| (ബി) | മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്നവർ അപകടത്തിൽപെട്ടാൽ രക്ഷപ്പെടുത്തുന്നതിന് പരിശീലനം ലഭിച്ച മത്സ്യത്തൊഴിലാളികളെ ഉൾപ്പെടുത്തി ഓക്സിജൻ സൗകര്യം ഉൾപ്പെടെയുള്ള എല്ലാവിധ സജ്ജീകരണങ്ങളോടെയുമുള്ള സീ-റസ്ക്യൂ ബോട്ടിന്റെ സേവനം (മറൈൻആംബുലൻസ്) മത്സ്യത്തൊഴിലാളികൾ കൂടുതലുള്ള പുതിയങ്ങാടിയിൽ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ? | (ബി) | കണ്ണൂർ ജില്ലയിൽ മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്നവർ അപകടത്തിൽപ്പെട്ടാൽ രക്ഷപ്പെടുത്തുന്നതിന് പരിശീലനം ലഭിച്ച മത്സ്യത്തൊഴിലാളികളായ 5 സേനാംഗങ്ങൾ നിലവിലുണ്ട്. ഇപ്പോൾ നിലവിലുള്ള പട്രോൾ ബോട്ടും മത്സ്യത്തൊഴിലാളി സേനാംഗങ്ങളുടെ സേവനവും പ്രയോജനപ്പെടുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ